കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

Kerala Infrastructure and Technology for Education

# ലിറ്റിൽ കൈറ്റ്സ്

## ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മ

- വിവിധ പരിശീലനങ്ങൾ
- വിദഗ്ധരുടെ ക്ലാസുകൾ
- ഇൻഡസ്ട്രിയൽ വിസിറ്റുകൾ
- ക്യാമ്പുകൾ



- അനിമേഷൻ
- പ്രോഗ്രാമിങ്
- മൊബൈൽ ആപ്പ് നിർമ്മാണം
- ഗ്രാഫിക് ഡിസൈനിങ്
- മലയാളം കമ്പ്യൂട്ടിങ്
- ഹാർഡ്‌വെയർ
- ഇലക്ട്രോണിക്സ്
- റോബോട്ടിക്സ്
- സൈബർ സുരക്ഷ
- വെബ് ടി.വി

- മികവു പുലർത്തുന്നവർക്ക് എ, ബി, സി ഗ്രേഡുകൾ

**ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.ടി കൂട്ടായ്മ**

വിശദവിവരങ്ങൾക്ക് www.kite.kerala.gov.in സന്ദർശിക്കുക

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യൂക്കേഷൻ (കൈറ്റ്),
പൂജപ്പുര, തിരുവനന്തപുരം 12, ഫോൺ: 0471 2529800, ഫാക്സ്: 2529810
contact@kite.kerala.gov.in

victers.itschool.gov.in

# ലിറ്റിൽകൈറ്റ്സ്

little KITEs

kite.kerala.gov.in/littlekites



# പ്രവർത്തന പദ്ധതി

## രൂപരേഖ

Kerala Infrastructure and Technology for Education

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ
പൂജപ്പുര, തിരുവനന്തപുരം - 695012, ഫോൺ : 0471 2529800 www.kite.kerala.gov.in

# ആമുഖം

രാജ്യത്തിന് മാതൃകയായി സംസ്ഥാന വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഹൈടെക് ആകുമ്പോൾ വിദ്യാലയങ്ങളുടെ പരിപാലനത്തിനും ഹൈടെക് സംവിധാനങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനവും ഫലപ്രദമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സാങ്കേതികവൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽതന്നെ സജ്ജരാക്കുന്നതിന് ആരംഭിച്ച 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി കൂടുതൽ ഘടനാപരമായ പരിഷ്കാരങ്ങളോടെ **'ലിറ്റിൽ കൈറ്റ്സ് '** എന്ന പേരിൽ 2018 ജനുവരി 22 ന് ബഹു. കേരള മുഖ്യമന്ത്രി **ശ്രീ.പിണറായി വിജയൻ** ഉദ്ഘാടനം ചെയ്തു. ലിറ്റിൽകൈറ്റ്സിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മാനുഷിക മൂല്യങ്ങളോടൊപ്പം സാങ്കേതിവിദ്യയിലും മികച്ച നിലവാരം പുലർത്തുന്ന ഒരു തലമുറയെ വളർത്തിയെടുക്കുന്നതിന് ഈ സംരംഭം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**കെ.അൻവർസാദത്ത്**
**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**
**കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ**

# ഉള്ളടക്കം


| | പേജ് |
|---|---|
| ലിറ്റിൽ കൈറ്റ്സ് പദ്ധതി | 3 |
| ലക്ഷ്യങ്ങൾ | 4 |
| ഘടന | 5 |
| കൈറ്റ് മാസ്റ്റർ/മിസ്ട്രസ് | 5 |
| ഭരണനിർവഹണം | 6 |
| നിയമാവലി | 6 |
| പ്രവർത്തനങ്ങൾ | 9 |
| മൂല്യനിർണയം | 11 |
| പഠനമേഖലകൾ | 14 |
| പ്രവർത്തന കലണ്ടർ | 16 |
| രജിസ്റ്ററുകൾ | 17 |
| ആക്ടിവിറ്റി ബുക്ക് മാതൃക | 18 |
| പ്രവർത്തന റിപ്പോർട്ട് മാതൃക | 19 |
| ഉത്തരവുകൾ, സർക്കുലറുകൾ | 21 |

# ലിറ്റിൽ കൈറ്റ്സ് പദ്ധതി

അറിവ് മറ്റൊരാളിൽനിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം ആർജിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. അതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. സ്വയം പഠിക്കുകയും ഒപ്പം പാഠ്യവസ്തുവിൽ അവബോധവും താല്പര്യവും അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയാന്തരീക്ഷത്തിൽ തന്നെ സാധ്യമാക്കുന്നത് ഇത്തരുണത്തിൽ അത്യാവശ്യമാകുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം ശ്രമിക്കുന്നത്.

വിദ്യാലയാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദൈനംദിന പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും സാങ്കേതിക സൗകര്യങ്ങളുടെ പ്രയോഗത്തിലും വിദ്യാർഥികളെക്കൂടി സമുചിതമായി പങ്കാളികളാക്കേണ്ടത് ആ പ്രവർത്തനങ്ങളുടെ ഫലപ്രദവും വിജയകര വുമായ നടത്തിപ്പിൽ അനുപേക്ഷണീയമാണ്. ഹൈടെക് സംവിധാനത്തിൽ പഠനപ്രവർത്തനങ്ങൾ കൂടുതൽ സാങ്കേതിക വിദ്യാധിഷ്ഠിതമാകുന്നതോടെ അധ്യാപകർക്കൊപ്പം പ്രവർത്തനങ്ങളുടെ നിർമിതിയിലും നടത്തിപ്പിലും വിദ്യാർത്ഥികളും പങ്കാളികളാകുന്നത് ഉചിതമായിരിക്കും. അത് സാധ്യമാകണ മെങ്കിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സംഘം കുട്ടികൾ വിദ്യാലയത്തിൽതന്നെ സജ്ജരാകേണ്ടതുമുണ്ട്.

കേരളത്തിലെ പുതിയ തലമുറയിൽ വലിയ ഒരു വിഭാഗം വിവരവിനിമയ സംവേദന ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്ത് താല്പര്യവും അഭിരുചിയുമുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുയും ചെയ്യുന്നതിന് ബോധപൂർവമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഉപജീവനത്തിന്റെ ഭാഗമായി നിർമിച്ചെടുക്കുന്നവയല്ലാതെ അമച്വർ തലത്തിലുള്ള ഐ.സി.ടി. ഉത്പന്നങ്ങൾ കേരളത്തിൽനിന്നും ഉണ്ടാകാതിരിക്കുന്നതിന് ഇത് പ്രധാന കാരണമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മയിൽ രൂപംകൊണ്ട ജിമ്പ് പോലുള്ള പല പ്രശസ്ത സോഫ്റ്റ്‌വെയറുകളും ഇത്തരത്തിലുള്ള നിർമിതിയായിരുന്നു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

മത്സരപരീക്ഷകളുടെ രീതികൾക്കും സംവിധാനങ്ങൾക്കുമനുസരിച്ച് കുട്ടികൾ സ്വയം ക്രമീകരിക്കുമ്പോൾ പ്രാഥമികമായ യുക്തിചിന്ത, അന്വേഷണക്ഷമത എന്നിവ നഷ്ടപ്പെട്ടു പോകുന്നതായി കാണാം. വിവരവിനിമയ സാങ്കേതികവിദ്യാലോകത്ത്, വിവരങ്ങളുടെ കുത്തൊഴു

ക്കിൽ ചുറ്റും കാണുന്ന സാങ്കേതിക നിർമിതികൾ എങ്ങനെ ഉണ്ടാക്കപ്പെട്ടു എന്ന് അന്വേഷിക്കാനുള്ള ആകാംക്ഷപോലും നമുക്ക് നഷ്ടപ്പെടുന്നുണ്ട്. ചുറ്റുപാടും കാണുന്നതെല്ലാം എങ്ങനെയുണ്ടായി എന്നോ അവ എങ്ങനെ പ്രവർത്തിക്കുന്നു എന്നോ ഉള്ള അന്വേഷണമാണ് ശാസ്ത്രാവബോധം വളർത്തുന്നത് എന്നതും നമുക്കിവിടെ ഓർമിക്കാം. കുട്ടികൾ അവർ ദൈനംദിനം കാണുകയും ഉപയോഗിക്കുകയും പരിചയിക്കുകയും ചെയ്യുന്ന ഇന്റർനെറ്റ്, മൊബൈൽ ആപ്പുകൾ, സോഫ്റ്റ്‌വെയറുകൾ, അനിമേഷനുകൾ, ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമിക്കപ്പെട്ടു എന്നതും പുതിയ ലോകത്തിന്റെ ശാസ്ത്രാന്വേഷണപരിധിയിൽ വരേണ്ടവതന്നെയാണ്. ഇത്തരത്തിൽ സോഫ്റ്റ്‌വെയറുകളും ഇന്റർനെറ്റും ഉപയോഗിക്കുമ്പോൾ ഉത്തരവാദിത്വമുള്ള സാമൂഹ്യജീവി എന്നനിലയിൽ പാലിക്കേണ്ട കടമകളും ആർജിക്കേണ്ട മൂല്യബോധവും പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതും വിവരവിനിമയ സാങ്കേതികവിദ്യാപഠനത്തിൽ അത്യാവശ്യമാണ്.

ഏതൊരു പ്രാദേശിക ഭാഷയും, ജീവിക്കുന്നതും വളരുന്നതും അത് ഉപയോഗിക്കുന്നവർ നിത്യജീവിതത്തിന്റേയും സാങ്കേതികവിദ്യയുടേയും സമസ്തതലങ്ങളിലേക്കും അവരുടെ ഭാഷയെ വളർത്തിയെടുക്കുമ്പോഴാണ്. അതിനാൽതന്നെ പ്രാദേശിക ഭാഷാകമ്പ്യൂട്ടിങ്ങിൽ അവബോധവും താല്പര്യവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നത് സുപ്രധാനമായി നാം കാണേണ്ടിയിരിക്കുന്നു.

മേൽപറഞ്ഞ സാഹചര്യങ്ങളും ആവശ്യങ്ങളും മുന്നിൽകണ്ട്, വിവര വിനിമയ സാങ്കേതികവിദ്യയിൽ അഭിരുചിയും കഴിവുമുള്ള കുട്ടികളുടെ ഒരു സംഘം വിദ്യാലയങ്ങളിൽ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ കഴിഞ്ഞ കുറച്ചു വർഷങ്ങളായി നാം നടത്തിവരുന്നുണ്ട്. 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' എന്ന് പേരിട്ടിരുന്ന ഈ പ്രവർത്തനങ്ങളെ കൂടുതൽ വ്യാപ്തിയോടെ ചിട്ടപ്പെടുത്തി 'ലിറ്റിൽ കൈറ്റ്സ്' എന്ന പേരിൽ പുനർനിർണയിക്കുന്നു.

## ലക്ഷ്യങ്ങൾ

- വിവരവിനിമയ സാങ്കേതികവിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താത്പര്യത്തെ പരിപോഷിപ്പിക്കുക. സാങ്കേതിക വിദ്യയും സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിച്ചെടുക്കുക.
- വിവരവിനിമയ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്ത മാക്കാനുള്ള സാഹചര്യം കുട്ടികൾക്ക് ഒരുക്കുക. അവ നിർമിക്കപ്പെട്ടതിന്റെ അടിസ്ഥാന ആശയങ്ങളും അവയുടെ പ്രവർത്തനപദ്ധതിയുടെ യുക്തിയും ഘടനയും പരിചയപ്പെടുത്തുക.
- വിദ്യാലയങ്ങളിലെ സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗവും നടത്തിപ്പും പരിപാലനവും കാര്യക്ഷമമാക്കുന്നതിൽ വിദ്യാർഥികളെ പങ്കാളികളാക്കുക. വിദ്യാലയത്തിലെ സാങ്കേതികവിദ്യാധിഷ്ഠിത പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക, ഉപകരണങ്ങൾക്ക് ഉണ്ടായേക്കാവുന്ന ചെറിയ സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുക.

- സുരക്ഷിതവും യുക്തവും മാന്യവുമായ ഇന്റർനെറ്റ് ഉപയോഗം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയെക്കുറിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രചാരണപരിപാടി കളിൽ നേതൃപരമായ പങ്കാളിത്തം വഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുക.
- ഭാഷാകമ്പ്യൂട്ടിങ്ങിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും വിവിധ ഭാഷാകമ്പ്യൂട്ടിങ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അവസരം അവർക്ക് ലഭ്യമാക്കുകയും ചെയ്യുക.
- സംഘപഠനത്തിന്റെയും സഹവർത്തിതപഠനത്തിന്റെയും അനുഭവങ്ങൾ കുട്ടികൾക്കു പ്രദാനം ചെയ്യുക. പഠന പ്രക്രിയയിൽ ഉപയോഗിക്കാവുന്ന ഡിജിറ്റൽ ഉത്പന്നങ്ങൾ നിർമിക്കുക. കൂട്ടായ്മയിലൂടെയുള്ള പ്രവർത്ത നത്തിലൂടെ നേതൃപാടവവും, സഹകരണമനോഭാവവും വളർത്തുക.
- പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടാനും അവ ഉപയോഗിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുമുള്ള അവസരം വിദ്യാർഥികൾക്ക് ലഭ്യമാക്കുക. വിവരവിനിമയ സാങ്കേതികവിദ്യയുടെ നവീന മേഖലകൾ പരിചയപ്പെടാൻ കുട്ടികൾക്ക് അവസരമൊരുക്കുക.
- പഠന പ്രോജക്ട് പ്രവർത്തനങ്ങൾക്കുള്ള മേഖലകൾ കണ്ടെത്തി ഗവേഷണപ്രവർത്തനങ്ങൾ ചെയ്യാനുള്ള താല്പര്യം വിദ്യാർഥികളിൽ വളർത്തിയെടുക്കുക.

### ഘടന

ഈ പദ്ധതിയിൽ അംഗങ്ങളായ വിദ്യാർഥികളെ 'ലിറ്റിൽ കൈറ്റ്സ് ' എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു സ്കൂൾ യൂണിറ്റിൽ 20 മുതൽ 40 വരെ ലിറ്റിൽ കൈറ്റ്സ് ആണ് ഉണ്ടായിരിക്കുക. ഓരോ സ്കൂൾ യൂണിറ്റിലും ഒരു യൂണിറ്റ് ലീഡറും ഡെപ്യൂട്ടി ലീഡറും ഉണ്ടായിരിക്കും. മിക്സഡ് സ്കൂളുകളിൽ ഇരുവിഭാഗത്തിനും പ്രാതിനിധ്യം ഉണ്ടായിരിക്കും. യൂണിറ്റ് അംഗങ്ങളുടെ ആകെ എണ്ണത്തിൽ വ്യത്യാസം വരുത്തി യൂണിറ്റ് അനുവദിക്കേണ്ട പ്രത്യേക സഹചര്യമുണ്ടായാൽ, ജില്ലയിലെ എല്ലാ മാസ്റ്റർട്രെയിനർമാരുടേയും യോഗത്തിന്റെ മിനിറ്റ്സ് സഹിതം കൈറ്റ് സംസ്ഥാന ഓഫീസിലേക്ക് അപേക്ഷ സമർപ്പിച്ചാൽ ആയത് പരിശോധിച്ച് അനുമതി നൽകുന്നതാണ്.

## കൈറ്റ് മാസ്റ്റർ/മിസ്ട്രസ്

സ്കൂൾ യൂണിറ്റിന്റെ ചുമതല വഹിക്കുന്ന അധ്യാപകർ കൈറ്റ് മാസ്റ്റർ/ മിസ്ട്രസ് എന്നാണ് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഐ.സി.ടി. പ്രവർത്തനങ്ങളിൽ താൽപര്യവും സന്നദ്ധതയും പ്രാവീണ്യവുമുള്ള രണ്ട് ഹൈസ്കൂൾ അധ്യാപകരെ പദ്ധതി നടത്തിപ്പിനായി പ്രഥമാധ്യാപകന്/ പ്രഥമാധ്യാപികയ്ക്ക് നിർദേശിക്കാവുന്നതാണ്. വിദ്യാർഥിനികൾ ഉൾപ്പെടുന്ന യൂണിറ്റിന്റെ ചുമതലക്കാരിൽ ഒരാൾ ലേഡിടീച്ചർ ആയിരിക്കും. ഇവർ കൈറ്റ് നൽകുന്ന പ്രത്യേക പരിശീലനം വിജയകരമായി പൂർത്തിയാക്കിയിരിക്കണം. എസ്.പി.സി, സ്കൗട്ട് & ഗൈഡ്സ്, എൻ.സി.സി., ജെ.ആർ.സി

എന്നിവയുടെ ചുമതലയുള്ള അധ്യാപകരെ കൈറ്റ് മാസ്റ്റർ /മിസ്ട്രസ് ആയി നിയോഗിക്കാൻ പാടുള്ളതല്ല.

ലിറ്റിൽ കൈറ്റ്സ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം നൽകുക, യൂണിറ്റ്തല ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുക. യൂണിറ്റും കൈറ്റും തമ്മിലുള്ള ബന്ധത്തിന് നിദാനമാകുക എന്നിവയാണ് കൈറ്റ് മാസ്റ്റർ/ മിസ്ട്രസിന്റെ ചുമതല.

### കൈറ്റ് മാസ്റ്റർ ട്രെയിനർ

ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെയും മേൽനോട്ട ചുമതല അതാത് സബ്ജില്ലയുടെ ചുമതലയുള്ള കൈറ്റ് മാസ്റ്റർ ട്രെയിനർക്കായിരിക്കും. ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്ക് കൈറ്റ് മാസ്റ്റർ ട്രെയിനർക്ക് വഹിക്കാനുണ്ട്. സംസ്ഥാനതലത്തിൽ നൽകുന്ന നിർദേശങ്ങളും പ്രവർത്തനപദ്ധതികളും സമയബന്ധിതമായും ഫലപ്രദമായും ഓരോ യൂണിറ്റിലും നടപ്പിലാക്കുന്നുണ്ട് എന്നത് ചുമതല വഹിക്കുന്ന കൈറ്റ് മാസ്റ്റർ ട്രെയിനർ ഉറപ്പുവരുത്തേണ്ടതാണ്.

## ഭരണ നിർവഹണം

ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ്തലത്തിലെ സംഘാടനവും പ്രവർത്തനവും കാര്യക്ഷമമാക്കാൻ സ്കൂൾതലത്തിൽ ചുവടെ ചേർത്തിട്ടുള്ള പ്രകാരം സമിതി രൂപീകരിക്കേണ്ടതാണ്.

### സ്കൂൾതല നിർവഹണസമിതി

സ്കൂൾതല നിർവഹണസമിതിയുടെ ഘടന ചുവടെ നിർദേശിക്കുന്നു.

- ചെയർമാൻ – സ്കൂൾ പി.ടി.എ. പ്രസിഡന്റ്
- കൺവീനർ – ഹെഡ്മാസ്റ്റർ
- വൈസ് ചെയർമാന്മാർ – എം.പി.ടി.എ. പ്രസിഡന്റ്, പി. ടി.എ. വൈസ് പ്രസിഡന്റ്
- ജോയിന്റ് കൺവീനർമാർ – യൂണിറ്റ് ചുമതലയുള്ള രണ്ട് അധ്യാപകർ (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ & മിസ്ട്രസ്)
- സാങ്കേതിക ഉപദേഷ്ടാവ് – എസ്.ഐ.ടി.സി. (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ & മിസ്ട്രസ് ആയി SITC യെ തിരഞ്ഞെടുക്കുന്ന പക്ഷം സാങ്കേതിക ഉപദേഷ്ടാവായി മറ്റൊരാളെ നിയോഗിക്കേണ്ടതില്ല.)
- കുട്ടികളുടെ പ്രതിനിധികൾ – ലിറ്റിൽ കൈറ്റ് ലീഡറും ഡെപ്യൂട്ടി ലീഡറും, സ്കൂൾ ലീഡറും ഡെപ്യൂട്ടി ലീഡറും ( ആകെ 4 പേർ)

## നിയമാവലി

- സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് പൊതുവിദ്യാലയങ്ങളിൽ 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) യൂണിറ്റുകൾ രൂപീകരിക്കുന്നത്.

- പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകൾക്ക്, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അപേക്ഷിക്കാം.
- പത്ത് കമ്പ്യൂട്ടറിൽ കുറയാത്ത സുസജ്ജമായ ലാബ് സൗകര്യം ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനത്തിന് അനിവാര്യമാണ്.
- ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തുടങ്ങുന്നതിനായി കൈറ്റ് പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം സ്കൂളുകൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- സ്കൂൾ വിക്കി, ഐ.ടി. ക്ലബ്, ഐ.ടി. മേള, വിക്ടേഴ്സ് ചാനലിലെ പരിപാടികൾ തുടങ്ങിയവയിൽ സ്കൂളിന്റെ പ്രവർത്തനവും പങ്കാളിത്തവും, സ്കൂളിന്റെ മറ്റ് പ്രവർത്തനങ്ങളിലെ മികവ് തുടങ്ങിയവയും യൂണിറ്റിന് അംഗീകാരം നൽകുന്നതിന് പരിഗണിക്കുന്നതാണ്.
- അതാത് വർഷം ലഭിക്കുന്ന അപേക്ഷകളിൽനിന്നും മാനദണ്ഡങ്ങൾക്കനുസരിച്ച് സ്കൂളുകൾ തിരഞ്ഞെടുക്കുകയും അവിടെ യൂണിറ്റ് തുടങ്ങുന്നതിനുള്ള അംഗീകാരം കൈറ്റ് നൽകുകയും ചെയ്യുന്നതാണ്.
- യൂണിറ്റിന് അംഗീകാരം ലഭിച്ച സ്കൂളുകൾക്ക് എല്ലാവർഷവും പുതിയ ബാച്ചിലേയ്ക്ക് അപേക്ഷ സ്വീകരിക്കാവുന്നതും, വിദ്യാർഥികളെ തിരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിക്കാവുന്നതുമാണ്.
- യൂണിറ്റിന് അംഗീകാരം ലഭിക്കാത്ത സ്കൂളുകൾക്ക്, തുടർന്നുള്ള വർഷങ്ങളിൽ യൂണിറ്റ് ആരംഭിക്കുന്നതിനായി വീണ്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- അംഗീകാരം ലഭിച്ചാലും ഒരു യൂണിറ്റിൽ ചുരുങ്ങിയത് 20 വിദ്യാർഥികളെങ്കിലുമുണ്ടെങ്കിൽ മാത്രമേ പ്രസ്തുത അക്കാദമിക വർഷത്തിൽ ആ യൂണിറ്റിന് പ്രവർത്തനാനുമതി ഉണ്ടായിരിക്കുകയുള്ളു. സ്കൂളിലെ കമ്പ്യൂട്ടർലാബ് സൗകര്യത്തിനനുസരിച്ച് (ഒരംഗത്തിന് ഒരു കമ്പ്യൂട്ടർ/ രണ്ടുപേർക്ക് ഒരു കമ്പ്യൂട്ടർ) ഒരു യൂണിറ്റിൽ പരമാവധി 40 വിദ്യാർഥികൾക്കുവരെ അംഗത്വം നൽകാവുന്നതാണ്.
- വിവരവിനിമയ സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ തലമുറയെ വാർത്തെടുക്കുവാൻ പര്യാപ്തമായ രീതിയിലാണ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത്.
- സ്കൂൾ പഠനസമയത്തെ ബാധിക്കാതെയുള്ള സമയങ്ങളും അവധി ദിവസങ്ങളും പരിശീലനത്തിനായി വിനിയോഗിക്കേണ്ടതാണ്.
- കൈറ്റ് അതാതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം ഓരോ യൂണിറ്റും പ്രവർത്തിക്കേണ്ടത്.
- ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അതാതു സ്കൂൾ നിർവഹണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

- യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് കൈറ്റ് പ്രത്യേക മോണിറ്ററിങ് സമിതിയെ നിയോഗിക്കുന്നതാണ്. സമിതിക്ക് യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള അവസരമൊരുക്കേണ്ട താണ്.
- ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഫണ്ട് കൈറ്റിന്റെ മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ടുമാത്രം വിനിയോഗി ക്കേണ്ടതാണ്.
- സ്കൂൾ യൂണിറ്റിന്റെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ താൽക്കാലിക മായോ സ്ഥിരമായോ യൂണിറ്റ് റദ്ദ് ചെയ്യുന്നതിന് കൈറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.
- ഐ.സി.ടി. പ്രവർത്തനങ്ങളിൽ താൽപര്യവും സന്നദ്ധതയും പ്രവീണ്യവുമുള്ള രണ്ട് ഹൈസ്കൂൾ അധ്യാപകരെ (*വിദ്യാർഥിനികൾ ഉൾപ്പെടുന്ന യൂണിറ്റിന്റെ ചുമതലക്കാരിൽ ഒരാൾ നിർബന്ധമായും അധ്യാപികയായിരിക്കണം*) യൂണിറ്റിന്റെ ചുമതലക്കാരായി കണ്ടെത്തേ ണ്ടതും അവർ കൈറ്റ് നടത്തുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കേണ്ടതുമാണ്.
- വിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച് കഴിഞ്ഞാൽ പരിശീലനം ലഭിച്ച അധ്യാപകർ കൈറ്റ് മാസ്റ്റർ/മിസ്ട്രസ് ആയി പ്രവർത്തിക്കേണ്ടതാണ്.
- ലിറ്റിൽ കൈറ്റ്സ് സ്കൂൾ യൂണിറ്റിന്റെ പരിശീലനത്തിന്റെ ചുമതലയും മേൽനോട്ടവും കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർക്കായിരിക്കും. യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ഇവരുടെ സാന്നിദ്ധ്യത്തിൽ മാത്രമായിരിക്കണം നടത്തേണ്ടത്.
- വിവിധതരത്തിലുള്ള പരിശീലനങ്ങൾ ലഭിക്കുന്നതിനാൽ കൈറ്റ് മാസ്റ്റർ/മിസ്ട്രസ്മാർ ചുരുങ്ങിയത് 2 വർഷമെങ്കിലും അതേ സ്കൂളിൽ ലിറ്റിൽകൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. എന്നാൽ സ്ഥലംമാറ്റം/പ്രൊമോഷൻ പോലുള്ള അടിയന്തിരസാഹചര്യ ങ്ങൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ഈ നിബന്ധന ബാധകമാകുന്ന തല്ല.
- പരിശീലനങ്ങളിലെയും മറ്റ് പ്രവർത്തനങ്ങളിലെയും അംഗങ്ങളുടെ ഹാജരും പ്രവർത്തന വിശദാംശങ്ങളും അതാത് ദിവസംതന്നെ ലിറ്റിൽ കൈറ്റ്സിനായുള്ള ഓൺലൈൻ സംവിധാനത്തിൽ കൈറ്റ് മാസ്റ്റർ/മിസ്ട്രസ് രേഖപ്പെടുത്തേണ്ടതാണ്.
- യൂണിറ്റ് തുടങ്ങുന്നതിന് അംഗീകാരം ലഭിച്ച സ്കൂളുകളിലെ എട്ടാം ക്ലാസ് വിദ്യാർഥികൾക്ക് ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജനുവരി – മാർച്ച് മാസങ്ങളിലായിരിക്കും ലിറ്റിൽ കൈറ്റ്സിലേക്ക് പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.
- SPC/Scouts & Guides/NCC/JRC തുടങ്ങിയ ക്ലബുകളുടെ പ്രവർത്തന ങ്ങളും ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളും ഒരേ സമയങ്ങളിൽ ക്രമീകരിച്ചിരിക്കുന്നതിനാൽ, പ്രസ്തുത ക്ലബുകളിൽ അംഗങ്ങളല്ലാത്ത വരെ മാത്രമേ ലിറ്റിൽ കൈറ്റ്സ് അംഗത്വത്തിന് പരിഗണിക്കുകയുള്ളൂ.

- അംഗത്വം ലഭിക്കുന്ന വിദ്യാർഥികൾ ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങളിലും കൃത്യമായി പങ്കെടുക്കേണ്ടതാണ്.
- യൂണിറ്റ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ അംഗങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കൈറ്റ് മാസ്റ്റർ/ മിസ്ട്രസ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- കൈറ്റ് നിർദേശിക്കുന്ന മൊഡ്യൂളുകൾ പ്രകാരമുള്ള കോഴ്സ് പൂർത്തിയാക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു.
- ഓരോ യൂണിറ്റിലും ലഭിക്കുന്ന അപേക്ഷകളിൽ നിന്നും കൈറ്റ് നിർദേശിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം വിദ്യാർഥികളെ സ്കൂൾതല നിർവഹണസമിതി ലിറ്റിൽ കൈറ്റ്സിലേയ്ക്ക് തിരഞ്ഞെടുക്കേണ്ടതാണ്.
- യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചശേഷം അതിലേയ്ക്ക് ഇടയ്ക്ക്വെച്ച് പുതുതായി അംഗങ്ങളെ ചേർക്കാൻ പാടില്ല. എന്നാൽ ഒരു യൂണിറ്റിലെ നിലവിലുള്ള അംഗം ആ സ്കൂളിൽ നിന്നും മാറി മറ്റൊരു സ്കൂളിലേയ്ക്ക് വരുന്ന സന്ദർഭത്തിൽ പുതുതായി ചേരുന്ന സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ അംഗത്വം നൽകാവുന്നതാണ്.
- ഓരോ യൂണിറ്റിൽനിന്നും ഒരു വിദ്യാർഥിനി/വിദ്യാർഥിയെ ലീഡറും ഡെപ്യൂട്ടി ലീഡറുമായി തിരഞ്ഞെടുക്കേണ്ടതാണ്.
- ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾതല പ്രവർത്തനങ്ങൾ കൈറ്റ് നൽകുന്ന ആക്ടിവിറ്റി കലണ്ടർ പ്രകാരം ആസൂത്രണം ചെയ്തു നടപ്പാക്കേണ്ട താണ്.
- സ്കൂളിലെ ഹൈടെക് ക്ലാസ്മുറികളിലെ ഐ.സി.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്കും ഐ.സി.ടി. ഉപകരണങ്ങളുടെ പരിപാലനത്തിനും ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ നേതൃത്വം നൽകേണ്ടതാണ്.
- ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾക്ക് ലഭിക്കുന്ന പരിശീലനങ്ങൾ സ്കൂളിലെ മറ്റു വിദ്യാർഥികൾക്കും ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ക്രമീകരിക്കേണ്ടതാണ്.
- ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനസമയങ്ങളിൽ എല്ലാ അംഗങ്ങളും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കേണ്ടതാണ്.
- പൊതുസമൂഹത്തിന് വിവരവിനിമയ സാങ്കേതികവിദ്യയുടെ സേവനങ്ങൾ പ്രയോജനകരമാകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഓരോ ലിറ്റിൽ കൈറ്റ്സ് യൂണിറ്റും ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## പ്രവർത്തനങ്ങൾ

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് പര്യാപ്തമായ പ്രവർത്തന പരിപാടികളാണ് ലിറ്റിൽ കൈറ്റ്സിനായി ആവിഷ്കരിച്ചിരിക്കുന്നത്. യൂണിറ്റ്തലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ വിവിധതലത്തിലുള്ള പരിശീലനങ്ങൾ, ക്യാമ്പുകൾ എന്നിങ്ങനെയാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ജനുവരി–മാർച്ച് മാസത്തിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിച്ച്, ആവശ്യമെങ്കിൽ പ്രത്യേക അഭിരുചി പരീക്ഷ നടത്തിയുമാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ഏപ്രിൽ മാസത്തോടെ 'ലിറ്റിൽ കൈറ്റ്സി'ന്റെ പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് അടുത്ത മാർച്ച് മാസത്തോടെ (അംഗങ്ങൾ ഒമ്പതാം ക്ലാസ് പൂർത്തിയാക്കുന്നതോടെ) പ്രസ്തുതവർഷത്തെ പ്രവർത്തനം പൂർത്തിയാവുകയും ചെയ്യുന്നു.

## യൂണിറ്റ്തല പ്രവർത്തനങ്ങൾ

സ്കൂൾ തലത്തിൽ മൂന്ന് തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

### 1. യൂണിറ്റ് തല പരിശീലനം

- മാസത്തിൽ 4 മണിക്കൂർ സ്കൂൾതലത്തിൽ കൈറ്റ് മാസ്റ്റർ/ മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ പരിശീലനം നടത്തേണ്ടതാണ്.
- കൈറ്റ് തയ്യാറാക്കി നൽകുന്ന മൊഡ്യൂളിന്റെ അടിസ്ഥാനത്തിലായിരിക്കണം പരിശീലനം. കൈറ്റ് മാസ്റ്റർ/കൈറ്റ് മിസ്ട്രസ്സിന് ഇതിനാവശ്യമായ പരിശീലനം നൽകുന്നതാണ്.
- ബുധനാഴ്ചകളിൽ വൈകിട്ട് 4 മുതൽ 5 വരെയാണ് പരീശീലനം ചിട്ടപ്പെടുത്തേണ്ടത്.

### 2. വിദഗ്ധരുടെ ക്ലാസ്സുകൾ

- കോഴ്സ് സിലബസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസ്സുകൾ ഓരോ യൂണിറ്റും നടത്തേണ്ടതാണ്.
- 2 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സുകളാണ് നടത്തേണ്ടത്.
- ഓരോ ബാച്ചിനും ഒരു അധ്യയനവർഷത്തിൽ 4 ക്ലാസ്സുകളെങ്കിലും നടത്തേണ്ടതാണ്.

### 3. ഫീൽഡ് വിസിറ്റുകൾ/ഇന്റസ്ട്രിയൽ വിസിറ്റ്

- ഓരോ ബാച്ചിനും ഒരു ഫീൽഡ് വിസിറ്റ്/ഇന്റസ്ട്രിയൽ വിസിറ്റ് നടത്തേണ്ടതാണ്.

## ക്യാമ്പുകൾ

പരിശീലനത്തിന്റെ ഭാഗമായി നാല് തലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്.

### 1. യൂണിറ്റ്തല ക്യാമ്പ്

- ജൂലൈ മാസത്തിൽ സ്കൂളിലെ മുഴുവൻ ലിറ്റിൽ കൈറ്റ്സിനേയും ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് ദിവസത്തെ യൂണിറ്റ്തല ക്യാമ്പ് സംഘടിപ്പിക്കേണ്ടതാണ്.

ചുമതല – സ്കൂൾ ഹെഡ്മാസ്റ്റർ, കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്സ്

**2. ഉപജില്ലാ തല ക്യാമ്പ് (ഓണം അവധിക്കാല ക്യാമ്പ്)**

- രണ്ട് ദിവസത്തെ ഓണം അവധിക്കാല ക്യാമ്പ് യൂണിറ്റുള്ള എല്ലാ സ്കൂളിലെയും തിരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് ഉപജില്ലാതലത്തിൽ നടത്തേണ്ടതാണ്.

ചുമതല – ബന്ധപ്പെട്ട കൈറ്റ് മാസ്റ്റർ ട്രെയിനർ, കുട്ടികൾ പങ്കെടുക്കുന്ന യൂണിറ്റുകളിലെ കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ്സ്

**3. ജില്ലാതല ക്യാമ്പ് (ക്രിസ്തുമസ് അവധിക്കാല ക്യാമ്പ് )**

- ഉപജില്ലാതല ക്യാമ്പിൽ മികവു തെളിയിച്ച തിരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാതലത്തിൽ ക്രിസ്തുമസ് അവധിക്കാലത്ത് രണ്ട് ദിവസത്തെ ക്യാമ്പ് നടത്തേണ്ടതാണ്.

ചുമതല – കൈറ്റ് ജില്ലാ കോർഡിനേറ്റർ

**4.സംസ്ഥാന തല ക്യാമ്പ് (ജനുവരി )**

- ജില്ലാതല ക്യാമ്പിൽ മികവു തെളിയിച്ച തിരഞ്ഞെടുക്കപ്പെട്ട ലിറ്റിൽ കൈറ്റ്സിനെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ രണ്ട് ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് ജനുവരിയിൽ നടത്തേണ്ടതാണ്.

ചുമതല – കൈറ്റ് വൈസ് ചെയർമാൻ

**മോണിറ്ററിങ്**

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റും സംയുക്തമായുള്ള വിവിധ മോണിറ്ററിങ് സമിതികൾ ഉണ്ടായിരിക്കുന്നതാണ്. ഓരോ ഘട്ടത്തിലുമുള്ള പ്രകടനങ്ങളും വിവിധ ക്യാമ്പുകളിലെ പങ്കാളിത്തവും വിലയിരുത്തി, മികവു പുലർത്തുന്ന മാതൃകകൾക്ക് പ്രോത്സാഹനങ്ങൾ നൽകുക, വർഷാവസാനം മികവുകളുടെ പ്രദർശനം സംഘടിപ്പിക്കുകയും വിലയിരുത്തുകയും ചെയ്യുക തുടങ്ങിയവയിലൂടെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ഘടനാപരമാക്കാൻ സാധിക്കുന്ന രീതിയിലാണ് മോണിറ്ററിങ് സമിതി പ്രവർത്തിക്കുക.

## മൂല്യ നിർണ്ണയം

ഓരോ ലിറ്റിൽ കൈറ്റ്സും നിർവഹിക്കേണ്ട പ്രവർത്തനങ്ങൾ. (മൂല്യനിർണയത്തിന് പരിഗണിക്കുന്നവ)

**a) സ്കൂൾതല പരിശീലനങ്ങളിലെ പങ്കാളിത്തം (ഹാജർ)**

പ്രവർത്തന കലണ്ടർ അനുസരിച്ച് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തമുണ്ടായിരിക്കണം. ആകെ ലിറ്റിൽ കൈറ്റ്സ് പ്രവൃത്തിദിനങ്ങളിലെ ഹാജർ നിലയും പങ്കാളിത്തമികവും പരിഗണിച്ച് പരമാവധി 120 സ്കോർ നൽകാവുന്നതാണ്.

## b) യൂണിറ്റ്തല ക്യാമ്പുകളിലെ പങ്കാളിത്തം

യൂണിറ്റ് തല ക്യാമ്പുകളിലെ പങ്കാളത്തമികവിന്റെ അടിസ്ഥാനത്തിൽ പരമാവധി 100 സ്കോർ നൽകാവുന്നതാണ്.

## c) അസൈൻമെന്റ് പൂർത്തീകരണം (വ്യക്തിഗതം)

കോഴ്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ട് 9–ാം ക്ലാസ്സിലെ അധ്യയന വർഷാവസാനം നൽകുന്ന അസൈൻമെന്റ് (അനിമേഷൻ, ഗ്രാഫിക്സ്, പ്രോഗ്രാമിങ്/റാസ്പ്ബെറി പൈ/റോബോട്ടിക്സ് എന്നീ മേഖലകളിൽ) പൂർത്തിയാക്കി, പത്താംക്ലാസിലെ ആദ്യമാസം (ജൂൺ) ഡോക്യുമെന്റേഷൻ സഹിതം സബ്മിറ്റ് ചെയ്യണം. (പരമാവധി 120 സ്കോർ നൽകാം.)

## d) അസൈൻമെന്റ് പൂർത്തീകരണം (ഗ്രൂപ്പ്)

സാമൂഹ്യസേവനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു പ്രവർത്തനം ഗ്രൂപ്പ് പ്രവർത്തനത്തിലൂടെ പൂർത്തിയാക്കണം. (പരമാവധി സ്കോർ 80)

<u>ഗ്രൂപ്പ് പ്രവർത്തനത്തിനായി നിർദേശിക്കുന്ന ചില പ്രവർത്തനങ്ങൾ</u>

- രക്ഷാകർത്താക്കൾക്കുള്ള കമ്പ്യൂട്ടർ സാക്ഷരത.
- ഹയർ സെക്കണ്ടറി ഏകജാലകം ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്നതിനുള്ള സ്കൂൾതല ഹെൽപ്പ് ഡെസ്ക്.
- ഓൺലൈൻ സേവനങ്ങളിൽ പൊതുജനങ്ങളെ സഹായിക്കുക/ ഇതിനായി യൂണിറ്റ് തലത്തിൽ കിയോസ്കുകൾ ആരംഭിക്കുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക.
- ക്ലബ്ബുകളുടെയും മറ്റും സഹായത്തോടെ സ്വതന്ത്രസോഫ്റ്റ്വെയർ പ്രചാരണപരിപാടികൾ.
- പൊതുജനങ്ങൾക്കായുള്ള സ്വതന്ത്രസോഫ്റ്റ്വെയർ ഇൻസ്റ്റലേഷൻ ഫെസ്റ്റ്.
- വിക്ടേഴ്സ് ചാനലിലേക്കായി വാർത്തകൾ/വിദ്യാഭ്യാസപരിപാടികൾ തയാറാക്കൽ.
- സൈബർ സുരക്ഷാ പരിശോധനയും ബോധവൽക്കരണവും
- ഐ.ടി. മേളകളുടേയും ക്യാമ്പുകളുടേയും സംഘാടനം

## e) ഉപജില്ല, ജില്ല, സംസ്ഥാന ക്യാമ്പുകളിലെ പങ്കാളിത്തം

ലിറ്റിൽ കൈറ്റിന്റെ ഉപജില്ല, ജില്ല, സംസ്ഥാന ക്യാമ്പുകളിൽ പങ്കെടുത്ത കുട്ടികൾക്ക് 20 സ്കോർ വീതം നൽകാവുന്നതാണ്.

ഓരോ പ്രവർത്തനങ്ങൾക്കും പ്രത്യേകം മൂല്യനിർണയം ഉണ്ടായിരിക്കും. ഇവയിൽ ലഭിക്കുന്ന സ്കോറിനെ അടിസ്ഥാനമാക്കി A, B, C എന്നിങ്ങനെ വിവിധ ഗ്രേഡുകളിലുള്ള സർട്ടിഫിക്കറ്റുകൾ വിദ്യാർഥികൾക്ക് നൽകുന്നതാണ്.

## പ്രവർത്തനങ്ങൾക്ക് നൽകാവുന്ന പരമാവധി സ്കോറും ഗ്രേഡും

| നമ്പർ | മൂല്യനിർണ്ണയ മേഖല | പരമാവധി സ്കോർ |
|---|---|---|
| 1 | യൂണിറ്റ്തല പ്രവർത്തനങ്ങളിലെ ഹാജർനില (std 9) | 120 |
| 2 | യൂണിറ്റ്തല ക്യാമ്പുകളിലെ പങ്കാളിത്തം (std 9) | 100 |
| 3 | അസൈൻമെന്റ് പൂർത്തീകരണം (വ്യക്തിഗതം) | 120 |
| 4 | അസൈൻമെന്റ് പൂർത്തീകരണം (ഗ്രൂപ്പ്) | 80 |
| 6 | ഉപജില്ലാതല ക്യാമ്പുകളിലെ പങ്കാളിത്തം | 20 (Fixed) |
| 7 | ജില്ലാതല ക്യാമ്പുകളിലെ പങ്കാളിത്തം | 20 (Fixed) |
| 8 | സംസ്ഥാന തല ക്യാമ്പുകളിലെ പങ്കാളിത്തം | 20 (Fixed) |
| 5 | സ്കൂൾതല പരിശീലനങ്ങളിൽ പരിശീലകരായുള്ള പങ്കാളിത്തം | 20 (Fixed) |
| **ആകെ** | | **500** |

## ലഭിച്ച സ്കോറിന്റെ അടിസ്ഥാനത്തിലുള്ള ഗ്രേഡുകൾ

| നമ്പർ | ആകെ ലഭിച്ച സ്കോർ (ശതമാനം) | ഗ്രേഡ് |
|---|---|---|
| 1 | 80 മുതൽ 100 വരെ | A |
| 2 | 60 മുതൽ 79 വരെ | B |
| 3 | 40 മുതൽ 59 വരെ | C |
| 4 | 40 ൽ താഴെ | Participation Certificate Only |

## മൂല്യനിർണ്ണയ സമിതികളുടെ ഘടന

### യൂണിറ്റ്തലം

- ചെയർമാൻ : പ്രധാനാധ്യാപകൻ / പ്രധാനാധ്യാപിക
- അംഗങ്ങൾ : (പരമാവധി 5 അംഗങ്ങൾ)
  - സ്കൂൾ ഐ.ടി കോ–ഓർഡിനേറ്റർ
  - ജോയിന്റ് ഐ.ടി കോ–ഓർഡിനേറ്റർ
  - കൈറ്റ് മാസ്റ്റർ
  - കൈറ്റ് മിസ്ട്രസ്സ്
  - പി. ടി. എ. എക്സിക്യൂട്ടീവ് അംഗം

- യൂണിറ്റ്തല മൂല്യനിർണ്ണയസമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുകയും ലിറ്റിൽ കൈറ്റുകൾക്ക് അർഹമായ സ്കോറുകൾ നൽകുകയും ചെയ്യേണ്ടതാണ്. ഇതിൽനിന്നും മികച്ച പ്രകടനം കാഴ്ചവച്ചവരെ ആനുപാതികമായി ഉപജില്ലാതല ക്യാമ്പിന് തിരഞ്ഞെടുക്കേണ്ടതാണ്.
- യൂണിറ്റിന്റെ പ്രവർത്തനറിപ്പോർട്ട് നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച് ഓരോ മൂന്നുമാസം കൂടുമ്പോഴും കൈറ്റ് ജില്ലാ ആഫീസിൽ ഹാജരാക്കേണ്ടതാണ്.(അനുബന്ധം കാണുക)
- ഉപജില്ലാതല സമിതി ഉപജില്ലാതല ക്യാമ്പ് നടത്തുകയും ക്യാമ്പിൽ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റുകളുടെ പ്രകടനം വിലയിരുത്തി അർഹമായ സ്കോറുകൾ നൽകി മികച്ച പ്രകടനം കാഴ്ചവച്ചവരെ ആനുപാതികമായി ജില്ലാതല ക്യാമ്പിന് നിർദ്ദേശിക്കേണ്ടതാണ്.
- ജില്ലാസമിതി ജില്ലാതല ക്യാമ്പ് നടത്തുകയും ക്യാമ്പിൽ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റുകളുടെ പ്രകടനം വിലയിരുത്തി അർഹമായ സ്കോറുകൾ നൽകി മികച്ച പ്രകടനം കാഴ്ചവച്ചവരെ ആനുപാതികമായി സംസ്ഥാനതല ക്യാമ്പിന് നിർദ്ദേശിക്കേണ്ടതാണ്.
- സംസ്ഥാനതല സമിതി സംസ്ഥാനക്യാമ്പ് നടത്തുകയും ക്യാമ്പിൽ പങ്കെടുക്കുന്ന ലിറ്റിൽ കൈറ്റുകളുടെ പ്രകടനം വിലയിരുത്തി മികവ് പുലർത്തുന്നവർക്ക് അംഗീകാരങ്ങൾ നൽകുന്നതാണ്.

## പഠനമേഖലകൾ

- ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതിയും പരിപാലനവും കമ്പ്യൂട്ടർ ഹാർഡ്‌വെയറിന്റെ പ്രാഥമിക തലത്തിലുള്ള പ്രശ്നനിർദ്ധാരണവും
    - സിസ്റ്റം കോൺഫിഗറേഷൻ, പ്രൊജക്ടർ ക്രമീകരണങ്ങൾ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ–അടിസ്ഥാനാശയങ്ങൾ, പരിപാലന രീതികൾ, പ്രശ്നങ്ങളും പ്രശ്നനിർദ്ധാരണവും
- **ഭാഷാകമ്പ്യൂട്ടിങ് സങ്കേതങ്ങൾ**
    - വിവിധ ടെക്സ്റ്റ് ഇൻപുട്ട് സങ്കേതങ്ങൾ, ഫോണ്ടുകൾ, ഭാഷാ കമ്പ്യൂട്ടിങ് പ്രോജക്ടുകൾ, ഡെസ്ക് ടോപ്പ് പബ്ലിഷിങ് സങ്കേതങ്ങൾ, വിവിധ ഭാഷാ കമ്പ്യൂട്ടിങ് ടൂളുകളും സോഫ്റ്റ്‌വയറുകളും.
    - വിക്കിപീഡിയ, സ്കൂൾ വിക്കി മുതലായ സഹകാരിത ഭാഷാ പണിയിടങ്ങൾ (Collaborative Language Workspaces).
- **ഗ്രാഫിക്, മൾട്ടി മീഡിയ സോഫ്റ്റ്‌വെയറുകളും അവയുടെ ഉത്പന്നങ്ങളും.**
    - ഓഡിയോ, വീഡിയോ റിക്കോർഡിങ്, എഡിറ്റിങ്, 2D, 3D അനിമേഷൻ സോഫ്റ്റ്‌വെയറുകൾ, ആൽബം നിർമാണം.
- **ഡോക്യുമെന്റേഷൻ**
    - ഹൈടെക് സ്കൂൾ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, സ്കൂൾതല വെബ് ടി.വി പ്രവർത്തനം, ഡിജിറ്റൽ മാപ്പിങ്

- **വിക്ടേഴ്സ് ചാനലിലേക്ക് പ്രോഗ്രാമുകൾ തയാറാക്കൽ**
  - വിക്ടേഴ്സ് ചാനൽ പ്രോഗ്രാമുകൾ കാണാനുള്ള അവസരമൊരുക്കൽ
  - വിക്ടേഴ്സ് പ്രോഗ്രാമുകളെക്കുറിച്ച് പ്രചാരണപരിപാടികൾ സംഘടിപ്പിക്കൽ
  - വിക്ടേഴ്സിലേക്ക് ആവശ്യമായ വാർത്തകൾ, ഡോക്യുമെന്ററികൾ തയാറാക്കൽ
- **കമ്പ്യൂട്ടർ പ്രോഗ്രാമിങ്, എത്തിക്കൽ ഹാക്കിങ് എന്നിവ**
  - സ്ക്രാച്ച്, ടർട്ടിൽ ആർട്ട് തുടങ്ങിയ ലോജിക് സോഫ്റ്റ്‌വെയറുകൾ, പ്രോഗ്രാമിങ് അടിസ്ഥാന ആശയങ്ങൾ, എത്തിക്കൽ ഹാക്കിങ്
- **ഇലക്ട്രോണിക്സും അപ്ലൈഡ് കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങും**
  - അടിസ്ഥാന ഇലക്ട്രോണിക്സ് ആശയങ്ങൾ, റാസ്പ്ബെറി പൈ, ഇലക്ട്രോണിക് കിറ്റ്, തുടങ്ങിയ ഉപകരണങ്ങളുപയോഗിച്ചുള്ള അപ്ലൈഡ് ഇലക്ട്രോണിക്സ് & പ്രോഗ്രാമിങ് , റോബോട്ടിക്സ്
- **മൊബൈൽ ആപ്പുകളും ആപ് നിർമാണ സോഫ്റ്റ്‌വെയറുകളും**
  - മൊബൈൽ ഫോൺ സോഫ്റ്റ്‌വെയറുകൾ – അടിസ്ഥാന ആശയങ്ങൾ, സിമുലേറ്റർ, മൊബൈൽ ആപ്പുകളുടെ നിർമാണം.
- **ഇന്റർനെറ്റ് നൈതികതയും സൈബർ സുരക്ഷയും**
  - ഇന്റർനെറ്റ് – വിവര വിനിമയത്തിന്റെ നട്ടെല്ല്, വിവര വിനിമയം – സാധ്യതകളും ദുരുപയോഗങ്ങളും, ഐ.ടി ആക്റ്റ് – അവശ്യം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ, സൈബർ കുറ്റകൃത്യങ്ങൾ, പ്രതിരോധ രീതികൾ, സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം.

**(നിർദേശിക്കപ്പെട്ട പാഠ്യവസ്തുക്കളിൽ കാലാനുസൃതമായി പുതുക്കലുകൾ വരുത്തുന്നതാണ്. )**

**ധനകാര്യം**

- പദ്ധതിയുടെ നടത്തിപ്പ് ചെലവുകൾ (നിശ്ചിതപരിധിക്കുള്ളിൽ വരുന്നവ) കൈറ്റ് അഡ്വാൻസ്/റീഇമ്പേഴ്സ് ചെയ്യുന്നതാണ്.
- സ്കൂൾ ഐ.ടി ഉപദേശകസമിതിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കായിക്കും തുക നൽകുക.
- തുക നിബന്ധനകൾക്ക് വിധേയമായി, ഐ.ടി.അഡ്വൈസറി കൗൺസിൽ അക്കൗണ്ട് വഴി വിനിയോഗിക്കുകയും ഒറിജിനൽ ബില്ലുകൾ, വൗച്ചറുകൾ, ക്യാഷ് ബുക്ക്, അക്വിറ്റൻസ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ സ്കൂളിൽ സൂക്ഷിക്കുകയും കൈറ്റ് ആവശ്യപ്പെടുന്ന മുറയ്ക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
- യൂണിറ്റ്തല പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വിശദാംശങ്ങൾ അതാത് സമയങ്ങളിൽ കൈറ്റ് നൽകുന്നതാണ്.

# പ്രവർത്തന കലണ്ടർ

| | |
|---|---|
| ഏപ്രിൽ | ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ പുതിയ അംഗങ്ങൾക്കുള്ള ഒരു ദിവസത്തെ പ്രാഥമിക പരിശീലനം. |
| ജൂൺ | • സ്കൂൾതല സമിതിയുടെ യോഗം/നിർവഹണ സമിതിയുടെ തിരഞ്ഞെടുപ്പ്.<br>• യൂണിറ്റ്തല പരിശീലനം – നാല് ബുധനാഴ്ചകളിൽ (4 pm – 5 pm)<br>• വിദഗ്ധരുടെ ക്ലാസ്സ് – ഒരു ദിവസം (യൂണിറ്റ്തലം) |
| ജൂലൈ | • യൂണിറ്റ്തല പരിശീലനം – നാല് ബുധനാഴ്ചകളിൽ (4 pm – 5 pm)<br>• യൂണിറ്റ്തല ക്യാമ്പ് – രണ്ട് ദിവസം |
| ഓഗസ്റ്റ് | • ഉപജില്ലാതല ക്യാമ്പ് – രണ്ട് ദിവസം |
| സെപ്റ്റംബർ | • യൂണിറ്റ്തല പരിശീലനം – നാല് ബുധനാഴ്ചകളിൽ (4 pm – 5 pm)<br>• വിദഗ്ധരുടെ ക്ലാസ്സ് – ഒരു ദിവസം (യൂണിറ്റ്തലം) |
| ഒക്ടോബർ | • യൂണിറ്റ്തല പരിശീലനം – നാല് ബുധനാഴ്ചകളിൽ (4 pm – 5 pm)<br>• വിദഗ്ധരുടെ ക്ലാസ്സ് – ഒരു ദിവസം (യൂണിറ്റ്തലം)<br>• (സോഫ്റ്റ്‌വെയർ സ്വതന്ത്ര്യദിനം) |
| നവംബർ | • യൂണിറ്റ്തല പരിശീലനം – നാല് ബുധനാഴ്ചകളിൽ (4 pm – 5 pm)<br>• വിദഗ്ധരുടെ ക്ലാസ്സ് – ഒരു ദിവസം (യൂണിറ്റ്തലം) |
| ഡിസംബർ | • യൂണിറ്റ്തല പരിശീലനം – നാല് ബുധനാഴ്ചകളിൽ (4 pm – 5 pm)<br>• ജില്ലാതല ക്യാമ്പ് – രണ്ട് ദിവസം |
| ജനുവരി | • യൂണിറ്റ്തല പരിശീലനം – രണ്ട് ദിവസം (4 pm – 5 pm) അസൈൻമെന്റുകൾ നൽകൽ<br>• സംസ്ഥാനതല ക്യാമ്പ് – രണ്ട് ദിവസം |

കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക പുറമേയുള്ളവ സ്കൂൾതല നിർവഹണസമിതി ആസൂത്രണം ചെയ്ത് അതാതു യൂണിറ്റുകളിൽ നടത്താവുന്നതാണ്.

# രജിസ്റ്ററുകൾ

വിദ്യാലയങ്ങളിലെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

- കുട്ടികളുടെ ഹാജർ ബുക്ക്/ഓൺലൈൻ അറ്റന്റൻസ് രജിസ്റ്റർ
- കൈറ്റ് മാസ്റ്റർ/ മിസ്ട്രസ്സ് എന്നിവരുടെ ഹാജർ ബുക്ക്/ഓൺലൈൻ അറ്റന്റൻസ് രജിസ്റ്റർ
- ആക്ടിവിറ്റി ബുക്ക് (യൂണിറ്റ് ലീഡർ തയ്യാറാക്കേണ്ടത്).
- വിസിറ്റേഴ്സ് ഡയറി.
- ക്യാഷ് ബുക്ക്(ഐ.ടി.അഡൈ്വസറി).
- അക്വിറ്റൻസ്/ഓൺലൈൻ അക്വിറ്റൻസ് രജിസ്റ്റർ
- ബാങ്ക് പാസ്സ് ബുക്ക്(ഐ.ടി.അഡൈ്വസറി).
- സ്കൂൾ തലസമിതി മിനിറ്റ്സ്.
- ലിറ്റിൽ കൈറ്റ്സ് വർക്ക് ഡയറി (വിദ്യാർഥി സൂക്ഷിക്കേണ്ടത്)

# ആക്ടിവിറ്റി ബുക്ക്  – മാതൃക

| തിയതി | പ്രവർത്തനം | പ്രവർത്തനം നയിച്ച ആൾ | ഹാജർ നില | കൈറ്റ് മാസ്റ്റർ/ മിസ്ട്രസ്സിന്റെ ഒപ്പ് |
|---|---|---|---|---|
| | | | | |

**വർക്ക് ഡയറി**

- എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും വർക്ക് ഡയറി ഉണ്ടായിരിക്കേണ്ടതാണ്.
- പ്രവർത്തനങ്ങളുള്ള എല്ലാ ദിവസങ്ങളിലും വർക്ക് ഡയറി കൊണ്ടുവരുകയും പ്രവർത്തനങ്ങളുടെ നോട്ട്/വിശദാംശങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.
- വർക്ക് ഡയറി കുട്ടികൾ കൃത്യമായി എഴുതുന്നുണ്ടെന്ന് കൈറ്റ് മാസ്റ്റർ/കൈറ്റ് മിസ്ട്രസ്സ് പരിശോധിക്കേണ്ടതാണ്.
- ഗ്രേഡിംഗ് മൂല്യനിർണ്ണയത്തിന് വർക്ക് ഡയറി പരിഗണിക്കുന്നതാണ്.
- ഡയറിയുടെ ആദ്യ പേജിൽ വിദ്യാർഥിയുടെ ബയോഡാറ്റ രേഖപ്പെടുത്തേണ്ടതാണ്.

**ബയോഡാറ്റ പേജിൽ വരേണ്ട വിവരങ്ങൾ**

- യൂണിറ്റ് നമ്പർ
- സ്കൂളിന്റെ പേര്
- വിദ്യാർഥിയുടെ പേര്
- ഫോട്ടോ
- ക്ലാസ്സ്,ഡിവിഷൻ
- ജനനതിയ്യതി,       വയസ്സ്
- ആൺ/പെൺ
- വിലാസം
- വിദ്യാർഥിയുടെ ഒപ്പ്
- രക്ഷിതാക്കളുടെ പേര്, ഫോൺ നമ്പർ
- കൈറ്റ് മാസ്റ്ററുടേയും കൈറ്റ് മിസ്ട്രസ്സിന്റയും പേര്, ഫോൺ നമ്പർ, ഒപ്പ്

## പ്രവർത്തന റിപ്പോർട്ട് മാതൃക

# ലിറ്റിൽ കൈറ്റ്സ്

### പാദവാർഷിക പ്രവർത്തന റിപ്പോർട്ട്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

സ്കൂൾ കോഡ് : യൂണിറ്റ് നമ്പർ :

സ്കൂളിന്റെ പേര് :

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ എണ്ണം :

**1. സ്കൂൾതല പരിശീലനം**

| ക്രമ നം | തീയതി | സമയം | വിഷയം | പരിശീലകന്റെ പേര് | ഹാജർ | ഫീഡ് ബാക്ക് |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |
| 7 | | | | | | |
| 8 | | | | | | |
| 9 | | | | | | |
| 10 | | | | | | |
| 11 | | | | | | |
| 12 | | | | | | |

2. വിദഗ്ധരുടെ ക്ലാസ്സുകൾ

| ക്രമ നം | തീയതി | സമയം | വിഷയം | പരിശീലകന്റെ പേര് | ഹാജർ | ഫീഡ് ബാക്ക് |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |

3. ഹാജരാകാതിരുന്ന കുട്ടികളുടെ വിവരങ്ങൾ: ( 2 പ്രവൃത്തിദിവസങ്ങളിൽ കൂടുതൽ) (ആവശ്യമെങ്കിൽ കൂടുതൽ ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്)

| ക്രമ നം | കുട്ടിയുടെ പേര് | ഹാജരാകാതിരുന്ന ദിവസങ്ങൾ | കാരണം |
|---|---|---|---|
| | | | |
| | | | |
| | | | |

4. മറ്റ് വിവരങ്ങൾ

| ക്രമ നം | വിഷയം | തീയതി, സമയം | സമയം | ഫീഡ് ബാക്ക് |
|---|---|---|---|---|
| 1 | ഫീൽഡ് വിസിറ്റുകൾ/ ഇന്റസ്ട്രിയൽ വിസിറ്റ് | | | |
| 2 | | | | |
| 3 | | | | |

കൈറ്റ് മാസ്റ്ററുടെ/മിസ്ട്രസ്സിന്റെ പേര് :

ഒപ്പ് :

പ്രഥമാധ്യാപകൻ/പ്രഥമാധ്യാപിക

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പദ്ധതി - ഹായ് സ്കൂൾ കുട്ടിക്കൂട്ടം 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) എന്ന പേരിലാക്കിക്കൊണ്ടും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.361/2018/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 20.01.18

പരാമർശം:- 1. 19.02.2017-ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം.

2. വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് സമർപ്പിച്ച 17.01.2018 ലെ കൈറ്റ്/2018/1515-1 (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റേയും ഹൈടെക് സ്കൂൾ പദ്ധതിയുടേയും ഭാഗമായി കുട്ടികളിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി നടപ്പിലാക്കിയിരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി ഘടനാപരമാക്കുന്നതിനും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും പരാമർശം (1) ലെ യോഗത്തിൽ തീരുമാനമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതികവിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർഥികളെ സജ്ജമാക്കുന്നതിന് ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) എന്ന പേരിൽ പുനർനാമകരണം ചെയ്തുകൊണ്ടും, ചുവടെ പറയുന്ന നിർദ്ദേശങ്ങളിന്മേൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

**നിർദ്ദേശങ്ങൾ :**

1. സ്കൂളുകളിൽ, കൈറ്റിന്റെ അംഗീകാരം നേടിയശേഷം 2018-19 അധ്യയനവർഷം മുതൽ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.
2. അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് യൂണിറ്റ് അനുവദിക്കുന്നതിന് രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ നടപടിക്രമങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കേണ്ടതാണ്.
3. സ്കൂൾതല ഐ.സി.ടി. പ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യവും സന്നദ്ധതയും പ്രവീണ്യവുമുള്ള രണ്ട് ഹൈസ്കൂൾ അധ്യാപകരെ യൂണിറ്റിന്റെ ചുമതലക്കാരായി തെരഞ്ഞെടുക്കേണ്ടതും (വിദ്യാർത്ഥിനികൾ ഉൾപ്പെടുന്ന യൂണിറ്റിന്റെ ചുമതലക്കാരിൽ ഒരാളെങ്കിലും അധ്യാപികയായിരിക്കണം) കൈറ്റ് നടത്തുന്ന പ്രത്യേക പരിശീലനം ഇവർ വിജയകരമായി പൂർത്തിയാക്കേണ്ടതുമാണ്.
4. കൈറ്റിന്റെ പരിശീലനം പൂർത്തിയാക്കിയ രണ്ട് അധ്യാപകരുള്ള സ്കൂളുകൾക്ക് മാത്രമെ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് തുടങ്ങുന്നതിന് അനുവാദം നൽകേണ്ടതുള്ളൂ. ഈ അധ്യാപകർക്ക് പ്രസ്തുത യൂണിറ്റിന്റെ കൈറ്റ് മാസ്റ്റർ /മിസ്ട്രസ് ആയി ചുമതല നൽകേണ്ടതാണ്.

5. കൈറ്റ് നൽകുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ അധ്യയനവർഷവും ജനുവരി മാസത്തിൽ 8-ാം ക്ലാസിൽ നിന്നും 20 മുതൽ 40 വരെ വിദ്യാർത്ഥികളെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതും അവരിൽ നിന്ന് ഒരാളെ യൂണിറ്റ് ലീഡറായി തെരഞ്ഞെടുക്കേണ്ടതുമാണ്.

6. ഐ.സി.ടി. യിൽ കാലോചിതമായ പ്രവീണ്യം ലഭ്യമാകുന്നവിധത്തിൽ പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി യൂണിറ്റിലെ അംഗങ്ങൾക്ക് കൈറ്റിന്റെ നേതൃത്വത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

7. കൈറ്റ് മാസ്റ്റർ ട്രെയ്നർമാർ, അധ്യാപകർ എന്നിവരെ കൂടാതെ ഐ.സി.ടി. മേഖലയിൽ പ്രാവീണ്യമുള്ളവരെയും ലിറ്റിൽ കൈറ്റ്സിന്റെ പരിശീലകരായി കൈറ്റിന് പ്രയോജനപ്പെടു ത്താവുന്നതാണ്.

8. സ്കൂൾതല യൂണിറ്റിന്റെ പ്രവർത്തനവും തുടർപ്രവർത്തനങ്ങളും അനുബന്ധ പരിപാടികളും നടത്തുന്നതിനാവശ്യമായ പ്രവർത്തന കലണ്ടർ കൈറ്റ് തയ്യാറാക്കി നൽകേണ്ടതും സ്കൂൾ പ്രവർത്തനത്തെ ബാധിക്കാതെയുള്ള സമയങ്ങളും അവധി ദിവസങ്ങളും പരിശീലന ത്തിനായി വിനിയോഗിക്കേണ്ടതുമാണ്. ആഴ്ചയിൽ ഒരു മണിക്കൂർ എന്ന രീതിയിൽ ഒരു മാസത്തിൽ ആകെ 4 മണിക്കൂർ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

9. പരിശീലനങ്ങളിലെ പങ്കാളിത്തം, അസൈൻമെന്റ് പൂർത്തീകരണം, മൂല്യനിർണയം എന്നിവയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ എ, ബി, സി എന്നീ ഗ്രേഡുകളിലുള്ള സർട്ടിഫിക്കറ്റുകൾ യൂണിറ്റ് അംഗങ്ങൾക്ക് നൽകേണ്ടതാണ്.

10. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റും സംയുക്തമായി വിവിധ തലങ്ങളിൽ മോണിറ്ററിങ് സമിതിയെ രൂപീകരിക്കേണ്ടതാണ്.

11. മികച്ച പ്രവർത്തനം നടത്തുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളെ സംസ്ഥാനതലത്തിൽ കണ്ടെത്തി പുരസ്കാരങ്ങൾ നൽകേണ്ടതാണ്.

12. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം കൈറ്റ് ഫണ്ടിൽ നിന്നും കണ്ടെത്തി വിനിയോഗിക്കേണ്ടതാണ്. പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അതത് സമയങ്ങളിൽ കൈറ്റ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515-1(5) തീയതി : 13.02.2018

## സർക്കുലർ

**വിഷയം:- കൈറ്റ് - പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഹൈടെക് സ്കൂൾ പദ്ധതി - 'ലിറ്റിൽ കൈറ്റ്സ്'- സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഐ.സി.ടി രംഗത്ത് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന കുട്ടികളുടെ കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിനും പദ്ധതിയിലേക്ക് വിദ്യാർഥികളെ ചേർക്കുന്നതിനുമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- സ.ഉ.(സാധാ) നം.361/2018/പൊ.വി.വ. തീയതി 20.01.2018.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതികവിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർഥികളെ സജ്ജരാക്കുന്നതിനായി 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) പദ്ധതി നടപ്പിലാക്കുന്നതിന് സൂചന പ്രകാരം കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 'ലിറ്റിൽ കൈറ്റ്സി'ന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 22-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവഹിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് ആരംഭിക്കുന്നതിനും വിദ്യാർഥികൾക്ക് അംഗത്വം നൽകുന്നതിനും താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന സിലബസ് പിൻതുടരുന്ന സർക്കാർ, എയിഡഡ് ഹൈസ്കൂളുകൾക്ക് 2018-19 മുതൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷന്റെ (കൈറ്റ്) അംഗീകാരത്തിന് വിധേയമായി 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

2. യൂണിറ്റ് ആരംഭിക്കുന്നതിന് വിദ്യാലയങ്ങൾ http://kite.kerala.gov.in എന്ന വെബ്സൈറ്റിലെ Little KITEs എന്ന ലിങ്ക് (http://kite.kerala.gov.in/littlekites) വഴി 2018 ഫെബ്രുവരി 24 നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്കൂൾ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള വിശദാംശങ്ങൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

3. യൂണിറ്റ് ചുമതലക്കാരായി അപേക്ഷയിൽ സ്കൂൾ നിർദേശിച്ച അധ്യാപകർ, ഇതിനായി കൈറ്റ് നൽകുന്ന പ്രത്യേക പരിശീലനം പൂർത്തിയാക്കേണ്ടതാണ്.

4. 2018-19 ൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് തിരഞ്ഞെടുക്കുന്ന സ്കൂളുകളുടെ പട്ടിക 2018 ഫെബ്രുവരി 26 ന് കൈറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

5. യൂണിറ്റ് അനുവദിക്കുന്ന സ്കൂളുകളിലെ വിദ്യാർഥികൾക്ക്, ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗത്വമെടുക്കുന്നതിന് 2018 മാർച്ച് 1 -നുള്ളിൽ സ്കൂളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. യൂണിറ്റ് അനുവദിക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്കാണ് അപേക്ഷ സമർപ്പിക്കാനുള്ള അർഹത. തിരഞ്ഞെടുത്ത യൂണിറ്റുകളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷമാണ് കുട്ടികൾ അംഗത്വത്തിന് അപേക്ഷ സമർപ്പിക്കേണ്ടത്.

7. 2017-18 അധ്യയന വർഷം എട്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ ഹായ്സ്കൂൾ കുട്ടിക്കൂട്ടം പദ്ധതിയിൽ അംഗങ്ങളായ വിദ്യാർഥികളും ലിറ്റിൽ കൈറ്റ്സ് അംഗത്വത്തിനായി പുതുതായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. <u>അപേക്ഷാഫോം മാതൃക</u> പദ്ധതിരേഖയുടെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

8. അപേക്ഷ സമർപ്പിച്ച വിദ്യാർഥികൾക്കായി ആവശ്യമെങ്കിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക അഭിരുചി പരീക്ഷ മാർച്ച് ആദ്യവാരത്തിൽ നടത്തുന്നതാണ്. ഇതിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്.

9. യൂണിറ്റ് അനുവദിക്കപ്പെട്ട സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ 2018 ഏപ്രിൽ മാസത്തിൽ ആരംഭിക്കുന്നതാണ്.

10. സ്കൂളുകൾക്ക് ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ബ്രോഷർ നോട്ടീസ് ബോർഡിൽ പതിക്കാവുന്നതാണ്.

11. ലിറ്റിൽ കൈറ്റ്സ് പ്രവർത്ത പദ്ധതി രൂപരേഖ(കരട്), സർക്കാർ ഉത്തരവ്, ബ്രോഷർ എന്നിവ http://kite.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

12. ലിറ്റിൽ കൈറ്റ്സ് പ്രവർത്തനപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ട്, നിശ്ചിതപരിധിക്കുള്ളിൽ വരുന്നവ, നിബന്ധനകൾക്കു വിധേയമായി കൈറ്റ് നൽകുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങളും പദ്ധതി മോണിറ്ററിംഗ് സംബന്ധിച്ച വിശദാംശങ്ങളും പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

പദ്ധതി രൂപരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു.

**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖക്കത്ത് സഹിതം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ, എം.ടി.സി, എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515-1 തീയതി : 17 .02.2018

**സർക്കുലർ**

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിനും അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ. ഉ(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.2018.
2. ഈ ഓഫീസിലെ 13.02.2018 ലെ KITE/2018/1515-1(5) നമ്പർ സർക്കുലർ.

സൂചന പ്രകാരം സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. യൂണിറ്റ് തുടങ്ങുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഫെബ്രുവരി 24 നകം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് മാത്രമേ യൂണിറ്റ് അനുവദിക്കുകയുള്ളൂ. അതിനാൽ താല്പര്യമുള്ള സ്കൂളുകൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
2. സൂചന 1, 2 ലെ മാനദണ്ഡങ്ങൾ അനുസരിച്ച് യൂണിറ്റ് ആരംഭിക്കാൻ അനുമതി ലഭിച്ച സ്കൂളുകളുടെ ലിസ്റ്റ് ഫെബ്രുവരി 26 ന് പ്രസിദ്ധീകരിക്കുന്നതാണ്.
3. യൂണിറ്റ് അനുവദിക്കുന്ന സ്കൂളുകളിലെ എട്ടാംക്ലാസിലെ കുട്ടികൾക്ക് ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ അംഗത്വത്തിന് അപേക്ഷ സമർപ്പിക്കാം. കുട്ടികൾ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക (സൂചന 2ൽ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നത്) സ്കൂൾ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതും കുട്ടികൾ എഴുതിനൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ അംഗത്വത്തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുമാണ്.
4. അംഗത്വത്തിനായി കുട്ടികൾക്കുള്ള അഭിരുചി പരീക്ഷ മാർച്ച് 3 ന് രാവിലെ 10 മണിക്ക് യൂണിറ്റ് അനുവദിച്ച സ്കൂളുകളിൽ നടത്തേണ്ടതാണ്. ഇതിനുള്ള ചോദ്യങ്ങൾ (പാസ്‌വേർഡ് പ്രൊട്ടക്റ്റഡ്) ഓൺലൈനായി സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്. ഏതെങ്കിലും സ്കൂളിന് ടി ദിവസം പരീക്ഷ നടത്താൻ കഴിഞ്ഞില്ലെങ്കിൽ കൈറ്റ് ജില്ലാ ഓഫീസിന്റെ മുൻകൂർ അനുമതിയോടെ മാർച്ച് 5 ന് നടത്താവുന്നതാണ്. ഇതിനാവശ്യമായ ചോദ്യങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രത്യേകം ലഭ്യമാക്കുന്നതാണ്.
5. ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മയുടെ രണ്ട് പോസ്റ്റർവീതം ഓരോ സർക്കാർ, എയ്ഡഡ് ഹൈസ്കൂളിനും കൈറ്റ് ജില്ലാ ഓഫീസ് മുഖേന ലഭ്യമാക്കുന്നതാണ്. അതിൽ ഒന്ന് സ്കൂൾ നോട്ടീസ് ബോർഡിലും മറ്റൊന്ന് രക്ഷകർത്താക്കളും പൊതുജനങ്ങളും കാണത്തക്ക വിധത്തിൽ അനുയോജ്യമായ സ്ഥലത്തും പതിക്കാവുന്നതാണ്.

**വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
സ്റ്റോക്ക്ഫയൽ

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2018/1562 (4) തീയതി : 20.03.2018

## സർക്കുലർ

വിഷയം :- **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. 20.01.2018 ലെ സ.ഉ.(സാധാ) നം. 361/2018/പൊ.വി.വ.
2. ഈ ഓഫീസിലെ 13.02.2018, 17.02.2018, 27.02.2018 എന്നീ തീയതികളിലെ KITE/2018/1515-1(5), KITE/2018/1515-1, KITE/2018/1562 (1) എന്നീ നമ്പർ സർക്കുലറുകൾ.
3. കൈറ്റിലെ ജില്ലാ കോ-ഓർഡിനേറ്റർമാരുടേയും മാസ്റ്റർ ട്രെയിനർ മാരുടേയും 11.03.2018 ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്.
4. 15.03.2018 ലെ കൈറ്റ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ KITE/2018/1562 (3) നമ്പർ നോട്ട് ഓർഡർ.

ഹൈസ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ 'ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തി ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് ആരംഭിക്കുന്ന സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചായിരിക്കണം.
2. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം കൈറ്റ് ഫണ്ടിൽ നിന്നും കണ്ടെത്തി വിനിയോഗിക്കേണ്ടതാണെന്ന സൂചനയിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ യൂണിറ്റിനും 5000/- രൂപ ആദ്യഘട്ടമെന്ന നിലയിൽ അനുവദിക്കുന്നതാണ്. പ്രസ്തുത തുക ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനപദ്ധതി രൂപരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നവിധത്തിൽ ചെലവഴിക്കേണ്ടതാണ്.
3. കൈറ്റ് ജില്ലാ ഓഫീസ് മുഖേന സ്കൂളുകളുടെ ഐ.ടി. അഡ്വൈസറി അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്ന തുക പ്രസ്തുത പ്രവർത്തനങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ.
4. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുക ചെലവഴിക്കുന്നതിന് സ്കൂൾതല സമിതിയുടെ അംഗീകാരം നേടിയിരിക്കേണ്ടതാണ്.
5. സ്കൂളിൽ ലിറ്റിൽ കൈറ്റ്സിന്റെ ബോർഡ്, അംഗങ്ങൾക്കുള്ള ഐഡന്റിറ്റി കാർഡ് എന്നിവയ്ക്ക് വരുന്ന ചെലവ് ഇപ്പോൾ അനുവദിക്കുന്ന തുകയിൽനിന്ന് വഹിക്കാവുന്നതാണ്. പരമാവധി 2500/- രൂപ ബോർഡ് സ്ഥാപിക്കുന്നതിനും (75 cm നീളം x 45 cm വീതി എങ്കിലുമുള്ള ചുറ്റിലും ഇരുമ്പ് പട്ടയിൽ ഉറപ്പിച്ച മെറ്റൽ

ഷീറ്റിൽ പെയിന്റ് ചെയ്തോ, വിനൈൽ പ്രിന്റിംഗ് ഉപയോഗിച്ചോ തയ്യാറാക്കി GI പൈപ്പിൽ ഉറപ്പിച്ച് അനുയോജ്യമായ സ്ഥലത്ത് ബോർഡ് സ്ഥാപിക്കേണ്ടതാണ്) ഐഡന്റിറ്റി കാർഡ് ഒന്നിന് 50/- രൂപയും വിനിയോഗിക്കാവുന്നതാണ്.

6. യൂണിറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ ഫയൽ, പേപ്പർ, മിനിറ്റ്സ് ബുക്ക് അത്യാവശ്യ ഓഫീസ് സാധനങ്ങൾ, യോഗങ്ങൾ നടത്തുമ്പോഴുള്ള ചായ തുടങ്ങിയവയ്ക്ക് വരുന്ന ചെലവും അനുവദിക്കുന്ന തുകയിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്.

7. തുക വിനിയോഗിക്കുന്നതിന്റെ ഒറിജിനൽ ബില്ലുകൾ, വൗച്ചറുകൾ, ക്യാഷ് ബുക്ക്, അക്വിറ്റൻസ്, പാസ്ബുക്ക് എന്നിവ സ്കൂളിൽ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ആവശ്യപ്പെടുന്നതനുസരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

**വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ